# ചില പണിമുടക്കു വിചാരങ്ങൾ


സി. രാജഗോപാലൻ

വേലപൂരങ്ങൾ നടക്കുന്ന രാത്രികളിൽ പൂരപ്പറമ്പുകളിലൂടെ മേഞ്ഞുനടക്കുന്ന ആർക്കും കാണാവുന്ന ചില കാഴ്ചകളുണ്ട്. പെട്രോൾ മാക്സിന്റെ വെളിച്ചത്തിൽ വട്ടമിട്ടിരുന്ന് അന്തിമുതൽ പുലരുവോളം മുച്ചീട്ടുകളിക്കുന്നവർ, പൊടിമണ്ണിലും പൂട്ടിയ കണ്ടത്തിലും ഉടുമുണ്ടഴിച്ചു പുതച്ച് പുലരുവോളം സുഖമായുറങ്ങുന്നവർ. ലഹരി മുഴുത്ത് വഴിയോരത്ത് വീണുറങ്ങുന്നവർ, തത്തയെക്കൊണ്ട് ചീട്ടെടുപ്പിച്ച് ഭാവി ഫലമറിയുന്നവർ.... അങ്ങിനെ പല കാഴ്ചകൾ, ഇവരൊന്നും യഥാർത്ഥത്തിൽ പൂരം കാണുന്നില്ല. ഓരോരുത്തർക്കും തങ്ങളുടേതായ രീതിയിൽ ആഘോഷിക്കുവാനുള്ള ഒരു തുറസ്സാണ് പൂരം ഒരുക്കിത്തരുന്നത്. എന്നാൽ ആകെ മൊത്തമുള്ള പൂരക്കാഴ്ചകൾ പൂരവുമായി ബന്ധപ്പെടാത്ത പൂരപ്പറമ്പിലെ ഇത്തരം കാഴ്ചകൾ കൂടി ചേരുന്നതാണ്. ഒരർത്ഥത്തിൽ നമ്മുടെ നാട്ടിലെ പണിമുടക്ക്/ഹർത്താൽ കാഴ്ചകളെപ്പോലെ.

•••

വൈദ്യുതി നിലയ്ക്കുന്ന അന്തിനേരങ്ങളിൽ, നക്ഷത്രങ്ങളുടെ നാട്ടുവെളിച്ചത്തിൽ, ചുറ്റുവട്ടത്തുള്ള ചരാചരപ്രകൃതിയുടെ ജ്യാമിതീയത, കറുപ്പും വെളുപ്പുമായി കൃത്യമായി അടയാളപ്പെടുന്നതു കാണാം. അതുപോലെ പണിമുടക്കു നാളിൽ പതിവു ചലനങ്ങൾ ശമിക്കുന്ന പകൽ നേരങ്ങളിൽ പരിസരങ്ങൾ വ്യത്യസ്തമായതെന്തൊക്കെയോ അടയാളപ്പെടുത്തുന്നുണ്ട്.

ഏതു നിലയ്ക്കുമാവട്ടെ, വിടുതികളും ശമങ്ങളും അനിവാര്യമാണ് നമുക്കിന്ന്. ഉപവാസങ്ങളും വ്രതങ്ങളും നോമ്പുകളും ഏകാദശികളും ഏതുവിധമാണോ ശരീരത്തിനെയും മനസ്സിനെയും ശമിപ്പിക്കുന്നതും തെളിച്ചെടുക്കുന്നതും, സമാനമായതെന്തൊക്കെയോ വേണം സമൂഹശരീരത്തെയും രാഷ്ട്രശരീരത്തെയും ശമിപ്പിക്കുവാനും ശുദ്ധീകരിക്കുവാനും. അത് ബന്ദാണോ, പണിമുടക്കാണോ, ഹർത്താലാണോ, വഴിതടയലാണോ, ജനകീയ വിചാരണയാണോ, കൂട്ടപ്രാർത്ഥനയാണോ, സർവ്വകക്ഷി വിചാരമാണോ, സേവനവാരമാണോ, അധികജോലിയെടുക്കലാണോ എന്നതൊക്കെ ആലോചിക്കപ്പെടണം. പണിമുടക്കിന്റെ പകൽ എന്തിനാണ്? ആഘോഷിക്കാനോ പ്രതിഷേധിക്കാനോ? ഒരറ്റത്ത് ആഘോഷത്തിന്റെ ലഹരികൾ. മറ്റേയറ്റത്ത് ചുണ്ടിലും ചുവരിലും ഒട്ടിച്ച പ്രതിഷേധങ്ങൾ. ഈ രണ്ടിനുമിടയ്ക്ക് ഒരന്തരാളമുണ്ട്. ആലോചനയുടെ, ആത്മപരിശോധനയുടെ, ആത്മവിമർശത്തിന്റെ. സാധ്യതകളൊക്കെയും അവിടെയാണ് (അവിടെ മാത്രമല്ലേ!) എന്നാൽ നാമമാത്രമാണ് ആ അന്തരാളത്തിലുള്ളവർ. ബഹുഭൂരിപക്ഷവും രണ്ടറ്റങ്ങളിലാണ്. ഒന്നുകിൽ ആഘോഷലഹരിയിൽ, അല്ലെങ്കിൽ പ്രതിഷേധപ്രകടനത്തിൽ. രണ്ടിനുമുണ്ടൊരു ചന്തസ്വഭാവം. ഈ ചന്തകൾക്കു പകരം ചിന്തകളുടെ മുനകളല്ലേ കൂർത്തുവരേണ്ടത്? ആ മുനകൾ നമുക്കു നേർക്കുതന്നെയല്ലേ വരേണ്ടത്? ആ മുനകൾ നമുക്കു നേർക്കുതന്നെയല്ലേ എഴുന്നു നില്ക്കേണ്ടത്? ആഗോളവൽക്കരണവും (കൺസ്യൂമറിസവും), വിലവർദ്ധനയും ഉൽപ്പാദനമുരടിപ്പും, സ്വകാര്യവൽക്കരണവും ഗുരുതര പ്രശ്നങ്ങൾതന്നെയാണ്. സാംസ്കാരികമായ നിലനില്പു മാത്രമല്ല ഭൗതികമായ നിലനില്പുപോലും പ്രതിസ



> ആഗോളവൽക്കരണവും ഉപഭോഗസംസ്കാരവും ഓരോ വ്യക്തിയിലും വേരുപിടിച്ചുതന്നെയാണ് വളരുന്നത്. താഴെ വീഴ്ത്തണമെന്നാഗ്രഹിക്കുന്ന ഓരോരുത്തരും ചെയ്യേണ്ടത് തന്നിൽ പടർന്നുനില്ക്കുന്ന നാരുവേരുപടലങ്ങൾ കഴിയുന്നത്ര പറിച്ചുമാറ്റി അവനവനെ സ്വതന്ത്രമാക്കലാണ്. ഇത് വളരെ സൂക്ഷ്മത ആവശ്യപ്പെടുന്നതാണ്. ക്ലേശകരമാണ്. സ്വന്തം തടിക്കു പിടിക്കുന്നതാണ്.

ന്ധിയിലാക്കുംവിധം ഗുരുതരം. എന്നാൽ അതിനെ നേരിടേണ്ടത് ഈവിധമാണോ? ഭീകരമായി സ്ഫുലിച്ച് ഭീമാകാരമാർന്നു നില്ക്കുന്ന പ്രശ്നങ്ങളുടെ തായ്ത്തടിയിൽ പിടിച്ചുകുലുക്കി പറിക്കാൻ ശ്രമിക്കുകയാണ് നമ്മൾ. ഒന്നുകിൽ ശ്രമിക്കുകയാണെന്നു ഭാവിക്കുന്നു. അല്ലെങ്കിൽ ആത്മാർത്ഥമായിത്തന്നെ ശ്രമിക്കുന്നു. രണ്ടായാലും ആ തായ്ത്തടി അനങ്ങുന്നുപോലുമില്ല. അനങ്ങുന്നുണ്ടെന്നു തോന്നുന്നുവെങ്കിൽ അത് തെറ്റിദ്ധാരണയാണ്. കുലുങ്ങുന്നത് പ്രശ്നങ്ങളല്ല. കുലുക്കുന്നവർ മാത്രമാണ്. ഇങ്ങനെ തായ്ത്തടിയിൽ വട്ടംപിടിച്ച് പറിച്ചു താഴെയിടാൻ ശ്രമിക്കുന്നത് തികച്ചും ബാലിശമാണ്. ലക്ഷ്യം ഈ കളിതന്നെയാണെങ്കിൽ കുഴപ്പമില്ല. പ്രശ്നം അങ്ങനെ ഇനിയും വളരും. കളിയങ്ങനെ അനുസ്യൂതം തുടരും. (അതിനിടയിൽ അധികാരത്തിന്റേതായ കാര്യം നേടേണ്ടവർ നേടുകയും ചെയ്യും) പിഴുതെറിയേണ്ടവ പിഴുതെറിയണമെന്നുതന്നെയാണ് യഥാർത്ഥത്തിൽ ആഗ്രഹിക്കുന്നത് എങ്കിൽ ചെയ്യേണ്ടതെന്താണ്? തടിയെ താങ്ങി നിർത്തുന്നത് വേരുകളാണല്ലോ. വേരുകളോരോന്നായി ആഴത്തിൽ ചികഞ്ഞു പുറത്തിടണം. രാഷ്ട്രീയമായ പ്രശ്നങ്ങളുടെ വേരുകൾ വ്യക്തികളിൽത്തന്നെയാണ്. ആഗോളവൽക്കരണവും ഉപഭോഗസംസ്കാരവും ഓരോ വ്യക്തിയിലും വേരുപിടിച്ചുതന്നെയാണ് വളരുന്നത്. താഴെ വീഴ്ത്തണമെന്നാഗ്രഹിക്കുന്ന ഓരോരുത്തരും ചെയ്യേണ്ടത് തന്നിൽ പടർന്നുനില്ക്കുന്ന നാരുവേരുപടലങ്ങൾ കഴിയുന്നത്ര വറുത്തുമാറ്റി അവനവനെ സ്വതന്ത്രമാക്കലാണ്. ഇത് വളരെ സൂക്ഷ്മത ആവശ്യപ്പെടുന്നതാണ്. ക്ലേശകരമാണ്. സ്വന്തം തടിക്കു പിടിക്കുന്നതാണ്. സ്വന്തം തടിക്കു പിടിച്ചാലേ ആഗോളവൽക്കരണം എന്ന വിഷമരം.

വേരു ചികഞ്ഞു പുറത്തിട്ട് മരമുണക്കൽ ഒരു നിഷ്ഠുരമായ കലയാണ്. ബ്രിട്ടീഷുകാർക്ക് ശരിക്കും അതറിയാമായിരുന്നു. ഇന്ത്യയെ ആന്തരികമായും ഭൗതികമായും ഉണക്കാൻ ഈ വേരു ചികഞ്ഞു വെട്ടൽ നടത്തിയവരാണവർ. (They came and cleverly uprooted our age old beautiful trees) എന്നാണ് മഹാത്മാ ഗാന്ധി പറഞ്ഞത്. പ്രമുഖ ഗാന്ധിയനായിരുന്ന ധരംപാലിന്റെ ഒരു പുസ്തകം തന്നെയുണ്ട്. The beautiful trees) പിഴുതെറിയൽ കലകൊണ്ട് ഇന്ത്യയെ നശിപ്പിക്കാൻ ശ്രമിച്ചവരിൽനിന്നും, അതേ വിദ്യയുപയോഗിച്ച് അവർ ഇവിടെ നട്ടുവളർത്തുന്ന വിഷമരങ്ങളെ പിഴുതുകളയാനാണ് നമ്മൾ പഠിക്കേണ്ടത്. കളിയല്ല ഈ സമരങ്ങൾ എങ്കിൽ!

പള്ളിപ്പുറം, പട്ടാമ്പി – 679305

## പ്ലാച്ചിമട : നഷ്ടപരിഹാരം കണക്കാക്കാനുള്ള തീരുമാനം

# സമരത്തിനുള്ള അംഗീകാരം

**പ്ലാച്ചിമട സമരസമിതി**

പ്ലാച്ചിമടയിൽ കൊക്കക്കോള കമ്പനിയുടെ മുന്നിൽ നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് സമരം തുടരണമെന്ന് തീരുമാനിച്ച് പ്ലാച്ചിമട കൊക്കക്കോള സമരസമിതിയുടെ നിലപാടിന് ലഭിച്ച അംഗീകാരമാണ് സംസ്ഥാന ഭൂജല അതോറിറ്റി കൊക്കക്കോളയിൽനിന്ന് നഷ്ടപരിഹാരം ഈടാക്കാനുള്ള തീരുമാനമെന്ന് സമരസമിതി അഭിപ്രായപ്പെടുന്നു.

പ്ലാച്ചിമടയിലെ ഹിന്ദുസ്ഥാൻ കൊക്കക്കോള മൂലമുണ്ടായ പരിസ്ഥിതി നാശത്തിനും ജനങ്ങളുടെ ജീവനോപാധികളായ ജലശോഷണത്തിനും, കൃഷിനാശത്തിനും മറ്റു സാമ്പത്തിക നഷ്ടങ്ങൾക്കും കോളകമ്പനിയിൽനിന്ന് നഷ്ടപരിഹാരം ഈടാക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിക്കുന്നതിന് കേരളഭൂജല അതോറിറ്റി അംഗങ്ങളെയും ഭൂജലവകുപ്പധികൃതരെയും തീരുമാനങ്ങളെ പ്ലാച്ചിമട കൊക്കക്കോള വിരുദ്ധസമരസമിതി സ്വാഗതം ചെയ്തുകൊള്ളുന്നു.

പ്ലാച്ചിമടയിലെ ജനങ്ങൾക്ക് വളരെ വൈകിയിട്ടാണെങ്കിലും നീതി ലഭിക്കുവാൻ വഴി തെളിയുന്നുവെന്നാണ് ഈ നടപടി സൂചിപ്പിക്കുന്നത്. ഭൂജലഅതോറിറ്റി, മലിനീകരണനിയന്ത്രണസ്ഥാപനങ്ങൾ ജനങ്ങളോടുള്ള ഉത്തരവാദിത്വം പൂർണ്ണമായി പ്രവർത്തിക്കുവാൻ മുന്നോട്ടുവരുന്നത്.

പ്ലാച്ചിമടയിലെ ജനങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുമെന്ന് ഉറപ്പുവരുന്ന തരത്തിൽ വിവിധ ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം ഉണ്ടാവണം. പ്ലാച്ചിമടകൾ ഇനി ആവർത്തിക്കപ്പെടാതിരിക്കപ്പെടണമെങ്കിൽ രാഷ്ട്രീയ ഇച്ഛാശക്തിയോടെ സമഗ്രമായ നിയമനിർമ്മാണത്തിന് സംസ്ഥാനം ഭരിക്കുന്ന ഭരണാധികാരികൾ തയ്യാറാവണം.

കൊക്കകോള കമ്പനിക്കെതിരെ നടപടി എടുക്കുവാൻ വേണ്ടി പ്ലാച്ചിമട കൊക്കക്കോള വിരുദ്ധസമിതി ബന്ധപ്പെട്ട കേരള ഭൂജലവകുപ്പ് മന്ത്രിക്കും, കേരള ഭൂജലവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും, സെക്രട്ടറി കേരള ഭൂജല അതോറിറ്റിക്കും നൽകിയ നിവേദനത്തിലെ പ്രധാന അനുബന്ധങ്ങൾ

1) വിജയനഗർ കോളനിയിലെ പഞ്ചായത്ത് കിണർ മലിനപ്പെട്ടതായി കേരള മലിനീകരണനിയന്ത്രണബോർഡിന്റെ നോട്ടിഫിക്കേഷൻ

2) പ്ലാച്ചിമട കൊക്കകോള കമ്പനിക്കെതിരെ മലിനീകരണനിയന്ത്രണ ബോർഡിന്റെ കാരണം കാണിക്കൽ നോട്ടീസ്

3) കേന്ദ്ര സംസ്ഥാന ഭൂഗർഭജലവകുപ്പുകൾ പ്ലാച്ചിമടയടക്കമുള്ള ചിറ്റൂർ ബ്ലോക്ക് ഓവർഎക്സ്പ്ലോയിറ്റ് നോട്ടിഫിക്കേഷൻ

4) ബി.ബി.സി. റേഡിയോ 4 റിപ്പോർട്ടിൽനിന്നുള്ള ഭാഗങ്ങൾ

5) ഹസാർഡസ് സെന്റർ റിപ്പോർട്ട്

6) പ്ലാച്ചിമട നാമെന്തുകൊണ്ട് ജാഗരൂകരാകണം – ഡോ. എ.ജി. നമ്പ്യാരുടെ ലേഖനം മാതൃഭൂമി ദിനപത്രം 11-2-04.